# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 774 13.6.2012-ൽ മറുപടിയ്ക്ക്

### കുന്നംകുളം-പാവറട്ടി ശുദ്ധജല പദ്ധതിയുടെ പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കൽ

| | ചോദ്യം<br>ശ്രീ. ബാബു.എം. പാലിശ്ശേരി | | മറുപടി<br>ശ്രീ. പി.ജെ ജോസഫ്<br>( ജലവിഭവ വകുപ്പുമന്ത്രി) |
|---|---|---|---|
| എ | കുന്നംകുളം നിയോജകമണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ ശുദ്ധജലം എത്തിക്കുന്ന പാവറട്ടി ശുദ്ധജലപദ്ധതിയുടെ പ്രധാന പൈപ്പ്ലൈൻ കാലപ്പഴക്കം മൂലം ഇടയ്ക്കിടെ പൊട്ടി ശുദ്ധജലക്ഷാമം അനുഭപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ | ഉണ്ട്. |
| ബി | റോഡിനടിയിൽ കുഴിച്ചിട്ട പൈപ്പ്ലൈൻ പൊട്ടി റോഡിൽ ഗർത്തങ്ങൾ ഉണ്ടായി അപകടങ്ങൾ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി | ഇല്ല |
| സി. | 2011-ൽ കുന്നംകുളം മേഖലയിൽ ഈ പദ്ധതിയുടെ പൈപ്പ്ലൈൻ എത്ര തവണ പൊട്ടി റിപ്പയർ ചെയ്തിട്ടുണ്ട്; | സി | 2011-ൽ കുന്നംകുളം മേഖലയിൽ പൈപ്പ് പൊട്ടിയിട്ടില്ല. എന്നാൽ ജോയിന്റ് ലീക്കുകൾ അറ്റകുറ്റ പണികൾ നടത്തിയിട്ടുണ്ട്. 400 എംഎം പൈപ്പിൽ 9 തവണയും 700 എംഎം പൈപ്പിൽ 4 തവണയും അറ്റകുറ്റപണികൾ നടത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി | പൈപ്പ് പൊട്ടി ശുദ്ധജലവിതരണം തടസ്സപ്പെടുന്നത് ഒഴിവാക്കുന്നതിനായി കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ? | ഡി | കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് ഉദ്ദേശം 6 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പ്രൊപ്പോസൽ തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. പാവറട്ടി ഫേസ്-എ ശുദ്ധജല വിതരണ പദ്ധതിയുടെ വിപുലീകരണത്തിനായി പ്രാഥമിക എൻജിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ